

ഫോട്ടോ : എൻ.എ. നസീർ

# കാടിൻ അധിപൻ

എൻ.എ. നസീർ

ഏറെ കാലം കഴിഞ്ഞാണ് ഞാൻ പറമ്പികുളത്തേക്ക് ചെന്നത്. വാച്ചറായ വിജയനേയും കാത്ത് ആ പഴയ ക്വാർട്ടേഴ്സിന്റെ പടിക്കെട്ടിൽ ഇരിക്കുമ്പോൾ ഓർമ്മയിലേയ്ക്ക് കാട്ടുവഴികൾ താണ്ടി ഒരാൾ ഇറങ്ങിവന്നു. സ്വാമിനാഥൻ. കുരിയാർ കുട്ടി കാടർ കോളനിയിലെ രാമൻകുട്ടി മൂപ്പന്റെ മകൻ. ഇതേ ക്വാർട്ടേഴ്സിൽ വച്ചാണ് വർഷങ്ങൾക്കു മുൻപ് വൈൽഡ് ലൈഫ് അസിസ്റ്റന്റായ നെൽസൺ സർ സ്വാമിനാഥനെ എനിക്കു പരിചയപ്പെടുത്തിയത്. "ഇതാണ് പറമ്പികുളം കാടിന്റെ രാജകുമാരൻ. കാടിനധിപൻ രാമൻകുട്ടി മൂപ്പന്റെ മകൻ സ്വാമിനാഥൻ."

റോഡരുകിലുള്ള തേക്കിൽ ചാരിനിന്ന് അയാൾ എന്നെ നോക്കി ചിരിച്ചു. കറുത്തു നീണ്ട ശരീരം. നീളമേറിയ കൈകാലുകൾ. സ്പ്രിങ്ങ് പോലെ ചുരുണ്ട തലമുടി. തടിച്ചു മലർന്ന ചുണ്ടുകൾ. സ്വാമിനാഥൻ ആഫ്രിക്കയിലെ 'മസായി മാറ'യിൽ നിന്നെത്തിയ ഒരാദിവാസിയെപ്പോലെ എനിക്കു മുന്നിൽ നിന്നു.

അയാൾ വാക്കത്തികൊണ്ട് കാലിൽ കടിച്ചുതൂങ്ങിയ അട്ടയെ വടിച്ചുകളഞ്ഞു. ഒരു പഴയ ലുങ്കി മാത്രമായിരുന്നു അയാളുടെ വസ്ത്രം. അത് തുടയ്ക്കേറെ മുകളിലായി മടക്കി കുത്തിയിരുന്നു. ഇടതു തോളിൽ പഴയ തുണികൊണ്ടൊരു ഭാണ്ഡം. വലതുകയ്യിൽ നീളമേറിയ ആ വാക്കത്തിയും. അയാൾ പറമ്പികുളത്തെ ഏറ്റവും ഉയരമാർന്ന പർവ്വതമായ കരിമലഗോപുരമിറങ്ങി വരുന്ന വഴിയായിരുന്നു.

ആ സൗഹൃദം വളർന്നു. എന്റെ എണ്ണമറ്റ പറമ്പികുളം വനയാത്രകളിൽ സ്വാമിനാഥനായിരുന്നു വഴികാട്ടി. ഏത് മലനിരകൾ കയറി ഇറങ്ങുവാനും അയാൾ സദാ തയ്യാർ. കാട്ടിൽ അസാധ്യമായി ഒന്നും അയാൾക്കില്ല. ഏതു കാര്യവും അതിവേഗത്തിൽ അയാൾ ചെയ്തു തീർക്കും.

ഞാനോർക്കുകയാണ്. മഴ ഒഴിഞ്ഞുനിന്ന ഒരു നാൾ. കാട്ടാൽ വൃക്ഷങ്ങളുടെ സമൃദ്ധിയിലേക്ക് പറന്നുവരുന്ന മലമുഴക്കി വേഴാമ്പലുകളെ തേടി ഏറെ അലച്ചിലിനു ശേഷം ഞങ്ങൾ ഒരു തോടിനരുകിൽ എത്തി. ഒരു കട്ടൻചായ കുടിക്കുവാനുള്ള എന്റെ ആഗ്രഹം ഞാൻ സ്വാമിനാഥനോട് പറഞ്ഞു.

ആ പ്രദേശമാകെ മഴയിൽ കുതിർന്നു ചതുപ്പുപോലെയായിരുന്നു. അയാൾ അടുപ്പ് കൂട്ടുവാനുള്ള കല്ലുകൾക്കായി പരതി. പാകത്തിനുള്ള ഒരു കല്ല് പോലുമില്ല ആ ഭാഗത്ത്. ഞാൻ ആഗ്രഹം ഉപേക്ഷിക്കാൻ സന്നദ്ധനായി. പക്ഷെ അയാൾ പിന്നോട്ടില്ല. ഏതൊ വൃക്ഷത്തിന്റെ ചെറിയ ഒരു കമ്പ് വെട്ടി, ഒരടിയോളം നീളത്തിലുള്ള മൂന്നു കഷ്ണങ്ങളാക്കി മുറിച്ചത്. അവ പൂഴിയിൽ വാക്കത്തിയുടെ മടമ്പ് വെച്ച് അടിച്ചു താഴ്ത്തി പകുതി വരെ. ഇപ്പോഴതു അടുപ്പുകല്ലുകൾക്കു പകരമായി. അതിനു മുകളിൽ ഭാണ്ഡത്തിൽ കരുതിയിരുന്ന ചെറിയ കലത്തിൽ ആവശ്യത്തിനു ജലം തോട്ടിൽനിന്നും നിറച്ചു വച്ചു.

ഇനി കത്തിക്കുവാൻ ഉണങ്ങിയ കമ്പുകൾക്കെവിടെ പോകും? എവിടെയും നനഞ്ഞുകുതിർന്ന കമ്പുകൾ മാത്രം. ഞാൻ അത്ഭുതത്തോടെ അയാളുടെ ചെയ്തികൾ നോക്കി നില്ക്കുകയാണ്.

അയാൾ തോട്ടിലിറങ്ങി. തോട്ടിലേക്കു ചാഞ്ഞു നില്ക്കുന്ന കുറ്റിചെടികളിലൊക്കെ മഴക്കാലത്ത് വെള്ളമുയരുമ്പോൾ ഇലകളും മറ്റും ഒഴുകിവന്നുകൂടും. പിന്നെ അതവിടെ ഇരുന്നു ജീർണിച്ചു ഒരു കാറ്റേറ്റാൽ ഉണങ്ങിയിട്ടുണ്ടാകും. അയാൾ അതെല്ലാം എടുത്ത് അടുപ്പിൻ തീ എരിച്ചു. കുഞ്ഞുകുഞ്ഞു ചുള്ളികൾ കൂടിവെച്ചപ്പോൾ വെള്ളം തിളച്ചു. തേയിലയും ശർക്കരയും ഇട്ട് ഇറക്കിവച്ചു. അപ്പോഴേക്കും അടുപ്പുകല്ലുകൾക്കു പകരം നാട്ടിയ പച്ചകമ്പുകൾ ഉണങ്ങി തീ പിടിച്ചിരുന്നു. അയാൾ തോട്ടിൽ നിന്നും നനവാർന്ന മണ്ണ് ജലത്തോടൊപ്പം

കോരി എടുത്തുകൊണ്ടുവന്നു അവയൊക്കെ മൂടി. പിന്നീട് ഈറ്റ കുമ്പത്തിൽ ചായ വിളമ്പി. ഇതെല്ലാം ഏതാനും മിനിറ്റുകൾക്കകം കഴിഞ്ഞിരുന്നു.

എല്ലാവരും ചൂണ്ടയുമായി മീൻ പിടിക്കാൻ പോകുമ്പോൾ സ്വാമിനാഥൻ തന്റെ വാക്കത്തി മാത്രം എടുത്ത് മീൻ പിടിക്കാൻ പോകും. മറ്റുള്ളവർക്കു ചൂണ്ടയിൽ കിട്ടുന്നതിനേക്കാൾ ഏറെ അയാൾ വാക്കത്തി ഉപയോഗിച്ച് പിടിച്ചിട്ടുണ്ടാകും! അരുകിൽ മീൻ പൊങ്ങുമ്പോൾ അയാളുടെ വാക്കത്തി ഒരു മിന്നൽപോലെ പുഴയിൽ പതിച്ചു പൊങ്ങി കഴിഞ്ഞിരിക്കും. കത്തിയുടെ അടിയേറ്റ് മീൻ മുകളിലേക്ക് പൊങ്ങിവരും. അയാളത് കരയിലേക്കെടുത്തിടും.

വാക്കത്തിയുടെ മൂർച്ച ഇല്ലാത്ത വശം തിരിച്ചു പിടിച്ച് കുരിയാർ കുട്ടി പുഴയിലെ പാറകൂട്ടത്തിൽ പുഴയിലേക്ക് ഉറ്റുനോക്കി, കുനിഞ്ഞ് സ്വാമിനാഥന്റെ ഒരു നില്പുണ്ട്. പുഴയിൽ ഉറച്ചുപോയ ഒരു വിഗ്രഹം പോലെ. അനങ്ങാതെ ശ്വാസം പോലും വിടാതെയുള്ള ആ നില്പുകാണേണ്ടതാണ്. ഒരിക്കൽ ഒരു മീൻ കൊത്തിച്ചാത്തൻ (പൊൻമാൻ എന്ന പക്ഷി) അയാളുടെ മുളകിൽ വന്നിരുന്നത്രെ!

പറമ്പിക്കുളം ഷോളയാർ വനമേഖലയിലെ കോമ്പസ് എന്നാണ് നെൽസൺ സാർ സ്വാമിനാഥനെ വിശേഷിപ്പിക്കുന്നത്. 'കണ്ണ് കെട്ടി കാട്ടിൽ എവിടെ കൊണ്ടുവിട്ടാലും അയാൾ നമ്മേക്കാൾ എളുപ്പത്തിൽ തിരിച്ചെത്തും.' നെൽസൺ സാറിന് സ്വാമിനാഥനെ കുറിച്ച് പറയുമ്പോൾ ആയിരം നാവാണ്.

തന്റെ ഓഫീസ് മുറിയിൽ സർ ഒരു ചെറിയ ബോക്സ് സൂക്ഷിച്ചിട്ടുണ്ട്. അതു നിറയെ നാണയങ്ങളും ചെറിയ നോട്ടുകളുമാണ്. ഓരോ യാത്ര കഴിഞ്ഞും സർ തിരികെ മുറിയിലെത്തുമ്പോൾ നിക്ഷേപിക്കുന്നവ. അതു സ്വാമിനാഥനുവേണ്ടിയാണ്. അയാൾ കുരിയാർകുട്ടിയിൽ നിന്നും ഇടക്ക് സാറിനെ കാണുവാൻ കാടിറങ്ങിവരും. ഓഫീസ് മുറിയിൽ കടക്കും ആ ബോക്സിൽ നിന്നും പണമെടുക്കും. വല്ലാത്ത ഒരു സ്വാതന്ത്ര്യത്തോടെ. സ്വാമിനാഥനു മാത്രം അവകാശപ്പെട്ടതാണ് നെൽസൺ സാറിന്റെ ഈ ഭണ്ഡാരം. പണമെടുത്താൽ പൊള്ളാച്ചി ബസ്സിൽ അയാൾ താഴേക്കു പോകും. അല്പസ്വല്പം മദ്യസേവയും തമിഴ് സിനിമ കാണലമുമൊക്കെയാണ് പ്രധാന പരിപാടി. വൈകുന്നേരം ആറുമണിയുടെ ബസ്സിൽ തിരിച്ചെത്തും. സാറിനെ ചെന്നു കാണും. പിന്നെ മടക്കയാത്ര. ഇരുട്ടത്ത് പഴയ ട്രാംവേ പാതയിലൂടെ ഒറ്റയ്ക്കു നടന്ന് കുരിയാർ കുട്ടിയിലെ തന്റെ കൂരയിലേക്ക്.

അഞ്ചുവർഷം മുമ്പ് പറമ്പികുളത്ത് വച്ച് കടുവയുടെ ചിത്രം ഞാനെടുക്കുകയുണ്ടായി. ആ രാത്രി നെൽസൺ സാറിന്റെ ക്വാർട്ടേഴ്സിൽ ഒരാഘോഷം നടന്നു. പൂപ്പാറ മുതുവകുടിയിൽ നിന്നെത്തിയ വെണ്ണപോലത്തെ കപ്പയും കോഴികറിയും ചമ്മന്തിയും വിജയന്റെ വീട്ടിൽനിന്നും കൊണ്ടുവന്നു. വിജയനും സ്വാമിനാഥനും താഴെ ആനമലയിൽ പോയി ശരിക്കും ആഘോഷിച്ചുവന്നു. പുലരുവോളം സ്വാമിനാഥൻ കാട്ടിലെ കഥകൾ പറഞ്ഞുകൊണ്ടിരുന്നു. ഞാനും ജലീലും രണ്ടു കുട്ടികളെപോലെ കാതുകൂർപ്പിച്ചിരുന്നു. ഓരോ കഥയും പറഞ്ഞു തീരുമ്പോൾ നെൽസൺ സാർ ചോദിക്കും. 'അപ്പോൾ സ്വാമിനാഥാ കരടിയെ പിടിച്ച കാര്യം?' കടുവയെ കണ്ട കാര്യം?

ഉടനെ സ്വാമിനാഥൻ ഒരു കൊമ്പൻ കാട്ടിലേക്ക് കഥയോടൊപ്പം ഞങ്ങളെ കൊണ്ടുപോകും. രണ്ട് കരടികളു



ഫോട്ടോ : എൻ.എ. നസീർ

പുഴയിലേക്ക് ഉറ്റുനോക്കി, കുനിഞ്ഞ് സ്വാമിനാഥന്റെ ഒരു നില്പുണ്ട്. പുഴയിൽ ഉറച്ചുപോയ ഒരു വിഗ്രഹം പോലെ. അനങ്ങാതെ ശ്വാസം പോലും വിടാതെയുള്ള ആ നില്പു കാണേണ്ടതാണ്. ഒരിക്കൽ ഒരു മീൻ കൊത്തിച്ചാത്തൻ (പൊൻമാൻ എന്ന പക്ഷി) അയാളുടെ മുളകിൽ വന്നിരുന്നത്രെ

മായി ഏറ്റുമുട്ടിയ രംഗം. സ്വാമിനാഥന്റെ അടിയേറ്റ് ഒരു കരടി പിന്തിരിഞ്ഞോടുന്നു, മറ്റേ കരടിയും സ്വാമിനാഥനും കെട്ടിമറിഞ്ഞു നിലത്തു വീഴുന്നു. അലർച്ചയും മാന്തലും ചീറ്റലും കരടിയും. ഒടുവിൽ സ്വാമിനാഥന്റെ വാക്കത്തി പ്രയോഗത്തിൽ കരടി അയാളുടെ തുടയിൽനിന്നും മാംസവും പറിച്ചെടുത്തു സ്ഥലം വിട്ടുവത്രേ.

*(തുടരും)*

*നടുവിലകത്ത് വീട്, പള്ളിപോർട്ട്, എറണാകുളം*
*e-mial : naseerart@hotmail.com*